# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 981** **30.10.2019 ലെ മറുപടി**

### കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണഭിത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | വേങ്ങര മണ്ഡലത്തിലെ, കടലുണ്ടിപ്പുഴയുടെ പാണ്ടിക്കാട് ഭാഗം, വേരേങ്ങൽ കടവ് എന്നിവിടങ്ങളിലെ സംരക്ഷണഭിത്തി തകർന്നതിനാൽ സമീപത്തുള്ള വീടുകൾ കരയിടിച്ചിൽ ഭീഷണി നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ? | (ബി) | ഊരകം പഞ്ചായത്തിലെ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര 100 മീറ്റർ നീളത്തിൽ ഇടിഞ്ഞുപോയിട്ടുണ്ട്. ഈ സ്ഥലം പരിശോധിച്ചതിൽ സംരക്ഷണ ഭിത്തി കെട്ടുവാൻ ഏകദേശം 35 ലക്ഷം രൂപ ചെലവ് വരും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ്.<br><br>ഊരകം പഞ്ചായത്തിൽ ചാലിൽകുണ്ടിൽ വേരേങ്ങൽ മുഴിത്തോടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി SDRF -ൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്. |

സെക്ഷൻ ഓഫീസർ